പത്രക്കുറിപ്പ് :

**കേരള സാഹിത്യ അക്കാദമി ആപ്പീസ്**
തൃശൂർ, 30.08.2014

# കുന്നംകുളത്തിന്റെ ദേശചരിത്രം കേരളസംസ്കാരത്തിന് വഴികാട്ടി

കേരളസംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിന് അമൂല്യസംഭാവനകൾ നൽകിയ ഒന്നാണ് കുന്നംകുളത്തിന്റെ ദേശചരിത്രമെന്ന് കേരള സാഹിത്യ അക്കാദമി 'കുന്നംകുളം സാംസ്കാരിക കൂട്ടായ്മ'യുടെ സഹകരണത്തോടെ ഹോട്ടൽ ലിവ ടവർ ഹാളിൽ നടത്തിയ 'കുന്നംകുളം പെരുമ സ്മൃതിസദസ്സി'ൽ അഭിപ്രായം ഉയർന്നു. 'കുന്നംകുളം പെരുമ സ്മൃതിസദസ്സ്' ബാബു എം. പാലിശ്ശേരി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ആഴമേറിയ മനുഷ്യാനുഭവങ്ങളെ എഴുത്തിൽ സൗന്ദര്യാത്മകമായി പകർത്തിവെച്ച സി.വി.ശ്രീരാമനും ഏകലവ്യനും അയ്പ് പാറമേലും കുന്നംകുളത്തിന്റെ വീറും വികാരവും ഉൾക്കൊണ്ട്, വിശ്വമാനവികതയെ അനശ്വരമായി ആവിഷ്ക്കരിച്ചവരാണെന്ന് അദ്ദേഹം പറഞ്ഞു. പുതിയ തലമുറ വായനശാലകളെ അന്വേഷിച്ചുപോകാത്ത കാലമാണിത്. സാഹിത്യത്തിലെ പൂർവ്വസൂരികളെ സ്മരിക്കുന്നത് മലയാളഭാഷയെ കൂടുതൽ കരുത്തുറ്റതാക്കും. കാലത്തിന്റെ അഭിരുചിക്കൊപ്പം സഞ്ചരിക്കണമെങ്കിൽ പിന്നിട്ട ചരിത്രകാലങ്ങളെ സൂക്ഷ്മതയോടെ ഉൾക്കൊള്ളണം. പഴയ കാര്യങ്ങളിൽനിന്ന് സമൂഹത്തിനെ മുന്നോട്ട് നയിക്കുന്ന ആശയങ്ങളെ സ്വാംശീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

നഷ്ടപ്പെടുന്ന സാംസ്കാരികപ്രബുദ്ധത വീണ്ടെടുക്കാൻ പ്രാദേശികചരിത്രാന്വേഷണത്തിലൂടെ സാധിക്കുമെന്ന് 'കുന്നംകുളത്തിന്റെ സാംസ്കാരികപൈതൃകം' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ച വി.കെ.ശ്രീരാമൻ പറഞ്ഞു. ത്യാഗങ്ങളിലൂടെ, ഒരുപാട് നഷ്ടങ്ങളിലൂടെ, വേദനകൾ സഹിച്ചതിലൂടെ അനേകം നന്മകൾ കേരളസമൂഹത്തിന് നേടിക്കൊടുത്തവരാണ് പഴയ തലമുറ. അച്ചടിരംഗത്ത് കുന്നംകുളത്തെ പ്രസ്സുകൾ വലിയ സാങ്കേതികമുന്നേറ്റങ്ങൾക്ക് വഴിയൊരുക്കി. പുസ്തകപ്രസിദ്ധീകരണത്തെയും വായനയേയും എഴുത്തിനേയും ഇത് ഗുണകരമായി സ്വാധീനിച്ചു. തിരുവിതാംകൂറിൽ നിരോധിക്കപ്പെട്ട മലയാള മനോരമ പത്രം മൂന്ന് ദിവസങ്ങൾക്കുശേഷം അച്ചടി പുനരാരംഭിച്ചത് കുന്നംകുളത്തെ പ്രസ്സിലാണ്. നിഘണ്ടു അടക്കമുള്ള അപൂർവ്വഗ്രന്ഥങ്ങൾ ചെലവ് കുറഞ്ഞ അച്ചടിയിലൂടെ കേരളം മുഴുവനുമെത്തിച്ചു. വാണിജ്യനഗരമായ കുന്നംകുളത്തിന്റെ കഴിഞ്ഞ 200 വർഷത്തെ ചരിത്രം പ്രബുദ്ധതയിലേക്കുള്ള സഞ്ചാരത്തിന്റേതാണ്. ജനിച്ചുവളർന്ന ദേശത്തെപ്പറ്റിയുള്ള അന്വേഷണം സംസ്കാരമുള്ള ജനതയുടെ ലക്ഷണമാണെന്നും വി.കെ.ശ്രീരാമൻ പറഞ്ഞു.

ഇന്ത്യൻ യാഥാർത്ഥ്യത്തെ കഥയിൽ പകർത്തിയ, മലയാളകഥയിലെ ആചാര്യനാണ് സി.വി.ശ്രീരാമൻ എന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ പറഞ്ഞു. യുദ്ധാനുഭവങ്ങൾ തീവ്രമായി പകർത്തിയ എഴുത്തുകാരനാണ് ഏകലവ്യൻ. കുലീനവും സുന്ദരവുമായ ഹാസ്യം കഥകളുടെ മുഖമുദ്രയാക്കി മാറ്റിയ പ്രതിഭാശാലിയാണ് അയ്പ് പാറമേൽ. കുന്നംകുളം ദേശപ്പെരുമയുടെ സമീപകാലം സൃഷ്ടിച്ച ഈ മൂന്ന് എഴുത്തുകാരും മലയാളസാഹിത്യത്തിന് മൗലികസംഭാവനകൾ നൽകിയെന്നും അദ്ദേഹം പറഞ്ഞു. കുന്നംകുളം നഗരസഭ ചെയർമാൻ സി.കെ.ഉണ്ണികൃഷ്ണൻ, അക്കാദമി വൈസ് പ്രസിഡണ്ട് അക്ബർ കക്കട്ടിൽ, ടി.ഡി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.

തുടർന്നു നടന്ന സ്മൃതിസദസ്സിൽ മധുപാൽ (സി.വി.ശ്രീരാമൻ), ഡോ.ഡി.ബെഞ്ചമിൻ (ഏകലവ്യൻ), വിനു എബ്രഹാം (അയ്പ് പാറമേൽ) എന്നിവർ അനുസ്മരണപ്രഭാഷണങ്ങൾ നടത്തി. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും 'കുന്നംകുളം സാംസ്കാരികകൂട്ടായ്മ' പ്രസിഡണ്ട് രാജൻ എലവത്തൂർ നന്ദിയും പറഞ്ഞു. സമ്മേളനത്തിന് മുന്നോടിയായി പെരിങ്ങോട് ശങ്കരനാരായണൻ കാവ്യാഞ്ജലി അവതരിപ്പിച്ചു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി